മാതാപിതാക്കൾ: നമ്മൾ കടമകളും കടപ്പാടുകളും മറക്കാതിരിക്കട്ടെ

പരിശുദ്ധനാണ് അല്ലാഹു, അവൻ പരമ കാരുണികനാകുന്നു. അല്ലാഹുവിന്റെ അടിമകൾക്കായി അവൻ മികച്ച സംവിധാനങ്ങളാകുന്നു ഈ ഭൂമിയിൽ ഒരുക്കിയിരിക്കുന്നത്. അങ്ങിനെയുള്ള അനുഗ്രഹങ്ങളിൽ നമുക്ക് ഏറ്റവും വിലപ്പെട്ട അനുഗ്രഹങ്ങളിൽ രണ്ടെണ്ണം നമ്മുടെ സ്വന്തം മാതാപിതാക്കളാകുന്നു. അതിൽ യാതൊരു സംശയവും ഇല്ല. ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം, മുസ്ലിമീങ്ങളായ അവന്റെ മാതാപിതാക്കൾ, അല്ലാഹു അവനു വേണ്ടി ഭൂമിയിലേക്ക് നിയോഗിച്ച രണ്ട് ഔലിയാക്കളാകുന്നു എന്നു വേണമെങ്കിൽ പറയാം. അതിന്റെ അടിസ്ഥാനം മാതാപിതാക്കളുടെ സന്തതികൾക്കു വേണ്ടിയുള്ള പ്രാർത്ഥന അല്ലാഹുവിങ്കൽ അങ്ങേയറ്റം സ്വീകാര്യമായതാകുന്നു എന്നതാകുന്നു. മഹാനായ ഇമാം ഖുബാരി റദിയല്ലാഹു അൻഹുവിന് അദ്ദേഹത്തിന്റെ ചെറുപ്പക്കാലത്ത് കണ്ണിന്റെ കാഴ്ച്ച നഷ്ടപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാവിന്റെ പ്രാർത്ഥനയുടെ ഫലമായാണ് അദ്ദേഹത്തിന് പിന്നീട് കാഴ്ച്ച ലഭിച്ചതെന്ന് അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണാം. ഇതൊരു ഉദാഹരണം മാത്രം. ആ മാതാപിതാക്കൾ ഏതൊരാളിൽ തൃപ്തരല്ലയോ, അവരിൽ പരിശുദ്ധനായ അല്ലാഹുവിന്റെ തൃപ്തിയും അത്ര വേഗമൊന്നും ലഭിക്കുകയില്ല. ഒരു സന്തതിന്റെ തന്റെ മാതാപിതാക്കൾ ജീവിച്ചിരുന്ന കാലത്ത് അവരോടുള്ള കടമകൾ ചൈതു തീർക്കാൻ തുനിയാതെ അല്ലാഹുവിനെ കണ്ടു മുട്ടുന്നതിനെ കുറിച്ച് വേവലാതി കൊള്ളട്ടെ. കാരണം, മാതാപിതാക്കളോടുള്ള കടമകളാകുന്നു ഭൂമിയിലുള്ള ഓരോ മനുഷ്യനും മറ്റുള്ളവരോടുള്ള കടമകളിൽ വച്ച് ഏറ്റവും മുന്നിട്ട് നിൽക്കുന്നതും, ഏറ്റവും ശക്തമായതും.

പരിശുദ്ധനായ പ്രവാചകൻ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങളുടെ സന്നിധിയിലേക്ക് വന്ന അവിടത്തെ ഒരു സ്വഹാബി ചോദിക്കയുണ്ടായി. അല്ലയോ പ്രവാചകരേ, ഈ ദുനിയാവിൽ വച്ച് എനിക്ക് ഏറ്റവും കൂടുതൽ കടപ്പാടുള്ളത് ആരോടാണ്? മഹാനായ പ്രവാചകൻ സ്വല്ലല്ലാഹു അലൈഹി വസല്ലമ തങ്ങൾ പറഞ്ഞത്, നിന്റെ മാതാവിനോട് എന്നാണ്. അദ്ദേഹം വീണ്ടും പ്രവാചകൻ സ്വല്ലല്ലാഹു അലൈഹിവസല്ലമയോട് ചോദിച്ചു. അതിന്റെ ശേഷം പിന്നെ എനിക്കാരോടാണ് കൂടുതൽ കടപ്പാട് എന്ന്. അപ്പോഴും കാരുണ്യത്തിന്റെ പ്രവാചകൻ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾ പറഞ്ഞത് നിന്റെ മാതാവിനോട് എന്നു തന്നെ ആയിരുന്നു. ആ സ്വഹാബി ശങ്കയൊന്നും കൂടാതെ വീണ്ടും ചോദിച്ചും. ശേഷം എനിക്കാരാണ് പ്രവാചകരേ കൂടുതൽ കടപ്പാടുള്ളത്? അല്ലാഹുവിന്റെ ദൂതർക്ക് ആലോചിക്കാനൊന്നുമുണ്ടായിരുന്നില്ല. അവിടന്ന് മൊഴിഞ്ഞത് നിന്റെ മാതാവിനോട് എന്നു തന്നെ ആയിരുന്നു. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ മാതാവിനാണെന്നറിഞ്ഞപ്പോഴും അല്ലാഹുവിന്റെ ഹബീബിന്റെ അനുയായി നാലാതായി ചോദിച്ചത് ആരോടാണ് ഞാൻ ഏറ്റവും കൂടുതൽ കടപ്പെട്ടത് എന്നാണ്. അപ്പോൾ അല്ലാഹുവിന്റെ റസൂൽ സ്വല്ലല്ലാഹു അലൈഹി സല്ലമ തങ്ങൾ പറഞ്ഞു. അത് നിന്റെ പിതാവിനോടാണ് എന്ന്.

ഓർക്കുക, അല്ലാഹുവിന്റെ റസൂലിന്റെ ചര്യ ഇതാണ്. മുസ്ലിമീങ്ങൾ എന്നു വിളിക്കുന്നവർക്കും, അമുസ്ലിമീങ്ങൾ എന്നു വിളിക്കുന്നവർക്കും ഇടയിലുള്ള ഏറ്റവും വലിയ വിത്യാസം എന്നു പറയുന്നത്, മുസ്ലിമീങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ ചര്യ പിൻപറ്റിയവരും, അമുസ്ലിമീങ്ങൾ അല്ലാഹുവിന്റെ റസൂൽ കരീം സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങളുടെ ചര്യ തള്ളുക്കളഞ്ഞവരുമാണ് എന്നതാണ്. ഇവിടെ നാമോരുരത്തും നമ്മോട് ചോദിക്കുക. ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ ചര്യ ഉയർത്തിപ്പിടിച്ചുവോ? ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ കൽപ്പന സ്വീകരിച്ചുവോ? ഞാൻ എന്റെ മാതാപിതാക്കളുടെ മുഖം ചുളിപ്പിച്ചിട്ടുണ്ടോ? നാമോരുത്തരും അത് സ്വയം ചോദിക്കേണ്ടതാകുന്നു. കാരണം നമ്മിൽ പലരും നമ്മുടെ മാതാപിതാക്കളുടെ ഹൃദയത്തെ വേദനിപ്പിച്ചിരിക്കുന്നു. ആഴക്കടലുകളെക്കാൾ വിശാലമായ സ്നേഹം നമ്മുടെ മാതാപിതാക്കൾക്ക് നമ്മോട് ഇല്ലായിരുന്നെങ്കിൽ അവർ നമുക്ക് മേൽ എപ്പോഴോ ശാപപ്രാർത്ഥനകൾ നടത്തുമാറ് നമ്മിൽ ചിലർ അവരെ വിഷമിപ്പിച്ചിരിക്കുന്നു. ഓർക്കുക, അല്ലാഹു എല്ലാം കാണുന്നവനും, എല്ലാം കേൾക്കുന്നവനും, മനുഷ്യടെ എല്ലാ തരം പ്രവർത്തികളേയും വിചാരണ ചൈത് പ്രതിഫലം നൽകുന്നവനുമാകുന്നു. അവനെ കണ്ടു മുട്ടുന്നതിനെക്കുറിച്ച് ആരൊക്കെ ഭയക്കുന്നുണ്ടോ, അവർ തങ്ങളുടെ മാതാപിതാക്കളുടെ കാര്യത്തിൽ സൂഷ്മത പാലിക്കുന്നവരാകട്ടെ. അവർ തങ്ങളുടെ മാതാപിതാക്കളുടെ കണ്ണിനും

കരളിനും കുളിർമ്മ നൽകട്ടെ. ഒരു പക്ഷെ അല്ലാഹു നമുക്ക് ചില വിട്ടു വീഴ്ച്ചകൾ ചൈതു തന്നേക്കാം. അവൻ അങ്ങേയറം പൊറുക്കുന്നവനും കാരുണ്യവാനുമല്ലയോ.

പരിശുദ്ധനും സ്രഷ്ടാവുമായ അല്ലാഹു അവിടെ അടിമകളായ നമ്മോട് അവന്റെ പരിശുദ്ധമായ കലാമിൽ എത്രയോ സ്ഥലത്ത് കൽപ്പിക്കുകയുണ്ടായി, നമ്മുടെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം എന്ന്. അല്ലാഹു അവന്റെ അടിമകളോട് തന്നെ ആരാധിക്കാൻ പറഞ്ഞു. പോര; തന്നെ മാത്രം ആരാധിക്കാൻ പറഞ്ഞു. ഏതെങ്കിലും ഒരു ശക്തിയെ കൊണ്ടോ, ഏതെങ്കിലും ഒരു സങ്കൽപ്പത്തെ കൊണ്ടോ, ഏതെങ്കിലും ഒരു ഊഹത്തെ കൊണ്ടോ, ജീവനുള്ളതും, നിർജീവമായതുമായ ഏതെങ്കിലും ഒരു വസ്തുവിനെ കൊണ്ടോ, ആത്മാവുള്ളതും ഇല്ലാത്തതുമായ ഏതെങ്കിലും ഒരു വസ്തുവിനെ കൊണ്ടോ അല്ലാഹുവിന്റെ അവകാശങ്ങളിലോ, ഗുണങ്ങളിലോ, അസ്ഥിത്വത്തിലോ അങ്ങിനെ അല്ലാഹുവിൽ ഒരാൾക്ക് എങ്ങിനെയൊക്കെ പങ്കു ചേർക്കാമോ ആ വിധങ്ങളിൽ ഏതെങ്കിലുമൊരു വിധത്തിൽ പങ്കു ചേർക്കുന്നതിനെ കൊള്ളെയാണ് പരിശുദ്ധനും പരമ കാരുണികനുമായ അല്ലാഹു അവന്റെ അടിമകളോട് ഉണർത്തിയത്. അങ്ങിനെ ശക്തമായ താക്കീതുകൾ നൽകുന്ന വചനങ്ങളിൽ രണ്ടാം സ്ഥാനത്ത് നിങ്ങളുടെ മാതാപിതാക്കളോട് നിങ്ങൾ നന്മയിൽ വർത്തിക്കണം എന്ന് ആദം സന്തതികളോട് അല്ലാഹു താക്കീത് ചൈതത് കാണാം. അത് താക്കീതു ചെയ്യപ്പെട്ട കാര്യങ്ങളുടെ ഗൗരവം എടുത്ത് കാണിക്കുന്ന ഒന്നാണ്.

ഓർക്കുക, ആരാധ്യനായവൻ ഏകനായ അല്ലാഹു മാത്രമാണ്. അതായത് ഓരോ മനുഷ്യനെ സംബന്തിച്ചിടത്തോളവും ചില കാര്യങ്ങൾ ഏകകങ്ങൾ മാത്രമാണ്. അവന് ഒരേ ഒരു ആരാധ്യനേ ഉള്ളൂ. പരിശുദ്ധനായ അല്ലാഹു. അവന് ഒരേ ഒരു മാതാവേ ഉള്ളൂ. അവനെ ഗർഭം ധരിക്കുകയും, അവനെ ഗർഭ പ്രാത്രത്തിൽ ചുമക്കുകയും, അവനെ പ്രസവിക്കുകയും ചൈത അവന്റെ മാതാവ്. ഈ പ്രപഞ്ചത്തിലിന്നേ വരെ ഒരു ശിശുവിനേയും രണ്ടു മാതാക്കൾ ഗർഭത്തിൽ ചുമന്നിട്ടില്ല. രണ്ടു മാതാക്കൾ അവനു വേണ്ടി ഗർഭാലസ്യമനുഭവിച്ചിട്ടില്ല. രണ്ടു മാതാക്കൾ അവനു വേണ്ടി പ്രവസവ വൊമ്പരമറിഞ്ഞിട്ടില്ല. അതു പോലെ തന്നെയാണ് അവന് പിതാവും ഒന്നേ ഉള്ളൂ. ഈ ലോകത്തിലൊരു ശിശുവും രണ്ടു പുരുഷന്റെ ബീജങ്ങൾ ചേർന്നുണ്ടായിട്ടില്ല. ഇത് അല്ലാഹുവിന്റെ നിയമമാകുന്നു. തന്നെ മാത്രം തന്റെ അടിമകൾ ആരാധിക്കട്ടെ എന്നതും, അടിമകൾ അവരുടെ മതാപിതാക്കാളോട് നല്ല നിലയിൽ വർത്തിക്കട്ടെ എന്നതും. ഏതെങ്കിലും ഒരു ആദം സന്തതിക്ക് സ്വർഗം കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ അവൻ അല്ലാഹുവിനെ മാത്രം ആരാധിക്കട്ടെ. അല്ലാഹുവിന് പകരം പ്രപഞ്ചത്തിലെ മറെന്തിനെയും അവൻ ആരാധിച്ചിട്ട് ഒരു കാര്യവും ഇല്ല. അതു പോലെ അവൻ തന്റെ മാതാ പിതാക്കളോട് നന്മയിൽ കഴിയട്ടെ. തന്റെ ഉമ്മയുടെ മനസ്സ് നീറ്റിയിട്ട് ഈ പ്രപഞ്ചത്തിലെ മറേറതിനേയും സന്തോഷിപ്പിച്ചിട്ടും ഒരു കാര്യവും ഇല്ല, അല്ലാഹുവിന്റെ കോടതിയിൽ പർവ്വതങ്ങൾ പോലെയുള്ള അവന്റെ അമലുകൾ ആ മാതാവിന്റെ ഒരിറ്റു കണ്ണു നീരിൽ മുങ്ങിയൊലിച്ചു പോവുക തന്നെ ചെയ്യും. കൂട്ടുകാർക്കു വേണ്ടി പിതാവിന്റെ മുഖം കറുപ്പിക്കുന്ന ഓരോ മനുഷ്യനും തന്റെ ശരീരം നരകത്തിനു വേണ്ടിയല്ലാതെ പുഷ്ടിപ്പെടുത്തുന്നില്ല. അതു കൊണ്ടാണ് അല്ലാഹുവിന്റെ പ്രവാചകൻ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾ ഇങ്ങിനെ ശപിച്ചത്. തന്റെ മാതാപിതാക്കളെ അല്ലെങ്കിൽ അവരിൽ ഒരാളെയോ അവരുടെ വാർദ്ധക്യാവസ്ഥയിൽ ഒരു സന്താനം കണ്ടു മുട്ടിയിട്ട് അവന് സ്വർഗം കരസ്ഥമാക്കാൻ കഴിഞ്ഞില്ലെങ്കിൽ അവൻ നിന്ദ്യനാകട്ടെ, പിന്നെയും നിന്ദ്യനാകട്ടെ.

ഈ ദുനിയാവിൽ, ഈ ദുനിയാവിന്റെ പച്ചപ്പുൽപ്പാടങ്ങളിൽ യഥേഷ്ടം മേഞ്ഞു നടന്ന്, തന്റെ മുഷ്ക്കിന്റെ ലാടം തറച്ച കാലുകളാൽ, അല്ലാഹു ഒരു പരീഷണമായി തന്നിൽ ആശ്രയത്ത്വം ഏൽപ്പിച്ചവരെ ചവിട്ടിയരച്ച് നാമിങ്ങനെ കഴിഞ്ഞു പോകവേ, മരണത്തിന്റെ മാലാഖ പെടുന്നനെയായിരിക്കും നമ്മെ തേടിയെത്തുന്നത്. ഒരു തിരിച്ചു മടക്കം, അധികമൊന്നുമില്ല, ഒരു നിമിഷത്തെ തിരിച്ചു മടക്കമെങ്കിലും അന്നു കെഞ്ചി നോക്കുന്നവർക്ക് നിഷേധിക്കപ്പെടും. അല്ലാഹുവിന്റെ കണിശമായ നിയമങ്ങളാകുന്നു അത്. സ്വന്തം ഉമ്മയേയും ഉപ്പയേയും വിഷമിപ്പിച്ച്, ഒരു മനുഷ്യൻ ദുനിയാവു മുഴുവൻ സമ്പാദിച്ചാലും, അങ്ങിനെ സമ്പാദിച്ചത് മുഴുവൻ ദാനം ചൈതാലും ഒരു ഫലവുമുണ്ടാവുകയില്ല. കാരണം, മാതാപിതാക്കളുടെ പൊരുത്തമില്ലാത്തവന്റെ അമലുകൾ ചിലന്തി ഭവനങ്ങളെ പോലെ

ദുർബലമാകുന്നു. മാതാപിതാക്കളുടെ നെടുവീർപ്പിൽ ആ അമലുകളെ നശിച്ചു പോവുക തന്നെ ചെയ്യും.

അല്ലാഹുവിന്റെ മാർഗത്തിൽ വളരെ മുന്നേറിയ ജുറൈജെന്ന മഹാൻ പോലും തന്റെ മാതാവിന്റെ മനസ്സിന്റെ ഒരു ചെറിയ വിഷമം മൂലം കഠിനമായ പരീക്ഷണങ്ങൾ നേരിട്ടത് തന്റെ ഉമ്മത്തിനോട് മഹാനായ പ്രവാചകൻ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾ വിവരിച്ചു തന്നിട്ടുണ്ട്. ചിലർക്ക് ചില ധാരണകളുണ്ട്. കുറച്ചു പണം കൊടുത്താൽ തന്റെ ബധ്യത തീർന്നെന്ന്. എങ്കിലത് തെറ്റാണ്. സ്വന്തം മാതാവിനോടോ പിതാവിനോടോ ഉള്ള കടമകളും കടപ്പാടുകളും ചൈതു തീർത്തിട്ട് ഈ ലോകത്തിൽ ഒരു മനുഷ്യനും മറ്റൊരു പ്രവർത്തിയിലും ഏർപ്പെടുകയില്ല. മാതാപിതാക്കൾക്ക് വേണ്ടത് ശ്രദ്ധയും ശുശ്രൂഷയുമാണ്. പരിചരണമാണ്. സ്നേഹത്തോടെയുള്ള പരിചരണം. അവർക്ക് അവരുടെ സന്തതികളുടെ സ്പർശണമാണ് വേണ്ടത്. സാമീപ്യമാണ് വേണ്ടത്. അത് നമ്മൾ എത്ര തന്നെ ചൈതു കൊടുത്താലും മതി വരില്ല തന്നെ. ഒരിക്കൾ മഹാനായ ഉമർ റദിയല്ലാഹു ഒരു ചെറുപ്പക്കാരനെ കണ്ടു. വയസ്സായ തന്റെ മാതാവിനെ തന്റെ കൈകളിൽ കോരിയടുത്ത് നല്ല തിരക്കുള്ള സമയം വളരെ പ്രയാസപ്പെട്ട് കഅ്ബയെ ത്വവാഫ് ചെയ്യുന്ന ഒരു ചെറുപ്പക്കാരനെ! ആ മഹത്തായ പ്രവർത്തി കാണേ ഇസ്ലാമിന്റെ രണ്ടാമത്തെ ഖലീഫയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. ആ ചെറുപ്പക്കാരൻ ഖലീഫ തന്നെ നോക്കി ചിരിക്കുന്നത് കണ്ടു. ഉമ്മയേയും കൊണ്ട് ത്വവാഫ് ചൈത് കഴിഞ്ഞപ്പോൾ ആ ചെറുപ്പക്കാരൻ അമീറുൽ മുഅ്മിനീൻ സയ്യിദുനാ ഉമർ റദിയല്ലാഹു അൻഹുവിന്റെ അടുത്തേക്ക് വന്നു ചോദിച്ചു. അമീറുൽ മുഅ്മിനീൻ, ഞാൻ എന്റെ മാതാവിനോടുള്ള കടമയിൽ കുറച്ചെങ്കിലും വീട്ടിയില്ലേ? ഉമർ റദിഅയല്ലാഹു അൻഹു പറഞ്ഞു. ഇല്ല. കാരണം, നിന്റെ മാതാവ് നിന്നെ ചുമന്നിരുന്നപ്പോഴും, നിന്നെ പരിചരിച്ചിരുന്നപ്പോഴും നീ അവരുടെ കാല ശേഷവും ജീവിച്ചിരിക്കാൻ വേണ്ടിയായിരുന്നു അവർ അങ്ങിനെ ചൈതത്. എന്നാൽ നീയോ? നീ നിന്റെ മാതാവിനെ നിന്റെ മാതാവിന്റെ മരണം വരെ നോക്കിയാൽ മതിയല്ലോ എന്ന സമാധാനത്തോടു കൂടിയല്ലേ പരിചരിക്കുന്നത്? അതെ പ്രിയ സഹോദരരെ, ആ ചെറുപ്പക്കാരന്റെ സ്ഥാനത്തല്ലേ മാതാപിതാക്കളെ അങ്ങേയറ്റം പരിചരിക്കുന്ന നമ്മളിൽ ചിലർ പോലും. നമ്മിൽ ചിലരോട് നമ്മുടെ മക്കൾ ചിലപ്പോൾ ഇങ്ങിനെ ഒരു പരാതി പറഞ്ഞിരിക്കും. വല്ല്യുമ്മ (പ്രാദേശികമായി എന്തു പേർ പറഞ്ഞാലും ശരി) അല്ലെങ്കിൽ വല്ല്യുപ്പ എന്നെ വഴക്കു പറഞ്ഞു എന്ന് നമ്മുടെ മക്കൾ പരാതി പറഞ്ഞിരിക്കാം. ഒന്നോർത്തു നോക്കൂ നമ്മിൽ ചിലരെങ്കിലും എന്തായിരിക്കും നമ്മുടെ മക്കളെ ആശ്വസിപ്പിക്കാനായി പറഞ്ഞിരിക്കുക. അത് സാരമില്ല മോനേ, വല്ല്യുമ്മ/വല്ല്യുപ്പ ഇനിയിപ്പോ പറഞ്ഞ അത്രയൊന്നും ഏതായാലും പറയില്ലല്ലോ എന്നായിരിക്കില്ലേ. അതെ, നമ്മിൽ പലരും ആ പ്രതീക്ഷയോടെയാണ് അവരെ പരിചരിക്കുന്നത്. അങ്ങിനെ പോര സഹോദരന്മാരെ! നാമവരെ പരിചരിക്കാൻ തയ്യാറാവുക നമ്മുടെ മരണം വരെ.

നമ്മുടെ കുഞ്ഞു പ്രായം ഓർത്തു നോക്കൂ; അന്ന് നമുക്ക് എന്തിനെങ്കിലും കഴിയുമായിരുന്നോ? നമ്മളന്ന് എങ്ങിനെയെല്ലാം കരയാറുണ്ടായിരുന്നു? എത്രയെത്ര രാത്രികൾ നമ്മൾ നമ്മുടെ മാതാ പിതാക്കൾക്ക് നിദ്രാവിഹീനങ്ങളാക്കി. എത്ര ക്ഷമയോടെ അവർ നമ്മൾ ഉറങ്ങാൻ വേണ്ടി കാത്തിരുന്നു. നമ്മുടെ കണ്ണിമയൊന്നു വെട്ടുമ്പോൾ പോലും അവർ നമ്മെ എത്ര ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മളോ? നമ്മുടെ ഉമ്മയും ഉപ്പയും വാർദ്ധക്യ സഹജമായ അസുഖങ്ങൾ കാരണം നാമുറങ്ങിക്കിടക്കുമ്പോൾ ഒന്നു ചുമച്ചാൽ, ആ ചുമ കേട്ട് നമ്മുടെ ഉറക്കത്തിന് ഭംഗം വന്നാൽ നമുക്ക് മുഷിപ്പ് അനുഭവപ്പെടുന്നു. ചിലരൊക്കെ അനിഷ്ടം പ്രകടിപ്പിക്കുന്നു. രാത്രി ഉറക്കമിളച്ചിരുന്ന നമുക്കൊരു ജലദോഷപ്പനി വന്നപ്പോൾ നമ്മെ നോക്കി വിഷമത്തോടെ, സങ്കടത്തോടെയിരുന്നിരുന്ന നമ്മുടെ മാതാവാണ്, ഇന്ന് വാർദ്ധക്യാവസ്ഥയിൽ നമ്മോട് ആശ്രയം തേടുന്നത് എന്ന് നമ്മിൽ പലരും ഓർക്കാറില്ല. അല്ലെങ്കിൽ നമ്മളൊരു കളിപ്പാട്ടത്തിനായ വാശി പിടിച്ച് കരഞ്ഞപ്പോൾ പിഞ്ഞിത്തുടങ്ങിയ തന്റെ കുപ്പായത്തിനു പകരം പുതിയ ഒരു കുപ്പായം വാങ്ങാനായി കരുതി വച്ച കാശെടുത്ത് തന്റെ കുഞ്ഞിന്റെ ആഗ്രഹം സഫലീകരിച്ചു കൊടുത്ത്, പിഞ്ഞിയ തന്റെ കുപ്പായം പിന്നെയും തുള്ളി നീലവും മുക്കി പുത്തനുടുപ്പിനെക്കാൾ സന്തോഷത്തോടെ അതുടുത്ത അങ്ങാടികളിലേക്ക് പോയിരുന്ന നമ്മുടെ പിതാവായിരിക്കാം. പക്ഷെ, ഇന്ന് അവർ നമ്മിൽ ചിലർക്ക് ഉറക്കം നഷ്ടപ്പെടുത്തുന്ന രണ്ട് അനാവിശ്യ സാധനങ്ങൾ. എങ്ങിനെയെങ്കിലും അവരൊന്നു മരിച്ചു കിട്ടിയാൽ പിന്നെ ഈ

ഹലാക്കിൽ നിന്നും ഒന്നു കര കയറി, എനിക്ക് എന്റെ ഭാര്യയോടും മക്കളോടുമൊത്ത് റാഹത്തായിട്ടൊന്ന് കഴിയാമായിരുന്നു എന്ന് നമ്മിൽ ചിലരെങ്കിലും കരുതുന്നു. എന്റെ പൊന്നു മകനെ, നീ ഞങ്ങൾക്ക് സ്വർണ പാത്രങ്ങളിൽ ഭക്ഷണം നൽകൂ, എന്ന് മാതാപിതാക്കൾ ഈ സന്തതിയോട് ഒരിക്കലും പറഞ്ഞിട്ടുണ്ടാവില്ല. അവർക്ക് അതിന്റെ ആവിശ്യവുമില്ല. എന്നാൽ പ്രായാധിക്യം കാരണം വരുന്ന വിഷമങ്ങളിൽ, എന്റെ ഉമ്മ വിഷമിച്ചു പോയോ എന്നൊരു ചോദ്യം, ഒരാശ്വാസ വാക്ക്, എന്റെ ഉപ്പാക്ക് എന്താണ് പറ്റിയത്, ഇതൊന്നും സാരമില്ല കേട്ടോ, എന്നിങ്ങനെയുള്ള ചില തൊട്ടു തലോടലുകൾ മാത്രം മതിയാവും. ഒരു ജന്മത്തിന്റെ സിംഹ ഭാഗവും നമുക്കായി എരിച്ചു തീർത്ത ആ പാവങ്ങൾക്ക് ഓരോ മലകളോളം കിട്ടിയ സന്തോഷമുണ്ടാകാൻ.

ജീവിച്ചിരുന്നപ്പോൾ തന്റെ മാതാപിതാക്കളെ വേണ്ടത്ര ശ്രദ്ധിക്കാതെ അവരുടെ മരണ ശേഷം പിന്നെയങ്ങോട്ട് അവരോട് ഒടുക്കത്തെ സ്നേഹം മുളച്ചു വരുന്ന ചില സന്തതികളുണ്ട് നമുക്കിടയിൽ.. അവരൊന്ന് മരിച്ചു കിട്ടിയാൽ പിന്നെ ദിക്ർ ചൊല്ലിക്കലായി ഖുർആനോതിക്കലായി അടിയന്തിരമായി അങ്ങിനയങ്ങിനെ എല്ലാമായി. ഇതാണോ മാതാപിതാക്കളോടുള്ള കടമ. ഒരിക്കലും അല്ല. അവർ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ, അവർക്ക് ഒരു സഹായം ആവിശ്യമായ ഘട്ടത്തിൽ അവരെ ശുശ്രൂഷിച്ച്, പരിചരിച്ച്, അവർക്ക് സ്നേഹം നൽകി, അവരോട് നല്ല വാക്കുകൾ പറഞ്ഞ്, നമ്മളും നമ്മുടെ ഭാര്യമാരും സന്താനങ്ങളുമൊക്കെ അവരുടെ കൂടെ വേണം. തനിക്ക് കഴിയാവുന്ന എല്ലാ വിധത്തിലും നമ്മുടെ മാതാപിതാക്കളെ നാം ശ്രദ്ധിച്ചിരിക്കണം. അവരെ നമ്മൾ എത്ര കണ്ട് ശ്രദ്ധിക്കുന്നുണ്ടോ അത്ര കണ്ട് നമ്മുടെ രക്ഷിതാവും നമ്മെ ശ്രദ്ധിക്കും. പ്രിയരെ, പരിശുദ്ധനായ അല്ലാഹു അവന്റെ കലാമിൽ പറഞ്ഞത് നാമോർക്കുക. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കൾക്ക് നന്മ ചെയ്യുവീൻ. അവരോട് നിങ്ങൾ മുഖം കറുപ്പിച്ച് "ച്ചെ" എന്നു പോലും പറയരുത്. നിങ്ങളുടെ മാതാവ് നിങ്ങളെ പ്രയാസത്തിനു മേൽ പ്രയാസമനുഭവിച്ചാണ് ഗർഭം ചുമന്നത്. നിങ്ങൾ അവർക്കായി പ്രാർത്ഥിക്കുവിൻ. അല്ലാഹുവേ, അവർ ഞങ്ങളോട് ഞങ്ങളുടെ ചെറുപ്പത്തിൽ കരുണ കാണിച്ചിരുന്നത് പോലെ, നീ അവരോട് കരുണ കാണിക്കേണമേ എന്ന്. പ്രിയപ്പെട്ടവരെ, നമ്മുടെ മാതാപിതാക്കൾ സ്വർഗത്തിലേക്കുള്ള നമ്മുടെ പാതകളിലെ രണ്ട് വലിയ ചെക്ക് പോയൻറുകളാണ്. ആ ചെക്ക് പോയൻറുകളിൽ നിന്നും ക്ലിയറൻസ് കിട്ടാതെ മുന്നോട്ട് പോവുക സുസാധ്യമല്ല തന്നെ.

ഒരു മുസ്ലിമിന്റെ അമുസ്ലിമീങ്ങളായ മാതാപിതാക്കളോടും അവന് വ്യക്തമായ കടമകളും കടപ്പാടുകളുമുണ്ട്. അവരോട് കഴിയുന്നതും നല്ല നിലയിൽ വർത്തിക്കേണ്ടതും, അല്ലാഹുഅനുവദിച്ച കാര്യങ്ങളിൽ അവരെ അനുസരിക്കേണ്ടതും അവന്റെ ബാധ്യത തന്നെ ആകുന്നു. മാത്രമല്ല, അവനാൽ കഴിയുന്ന വിധം അവരെ സഹായിക്കേണ്ടതും അവന്റെ ബാധ്യത തന്നെ. അതേ പോലെ ഇസ്ലാമികമായി അച്ചടക്കമുള്ള ഒരു സന്താനത്തിന് ഇസ്ലാമികമായി അച്ചടക്കമില്ലാത്ത മാതാപിതാക്കളുണ്ടെങ്കിലും ഇതു തന്നെയാണ് അവന്റെറയും കാര്യം. തന്റെ ഈമാൻ പൊയ്പോയത് തിരിച്ചറിഞ്ഞ ഒരു സ്ത്രീ ഒരിക്കൽ പ്രവാചകനെ അന്വേഷിച്ച് മദീനയിലെത്തി. അവിടന്ന് വഫാത്തായത് അവൾ അറിഞ്ഞിരുന്നില്ല. ആയിശാ റദിയല്ലാഹു അൻഹയുടെ മുമ്പിൽ പൊട്ടിക്കരഞ്ഞ ആ സ്ത്രീയുടെ കാര്യം ആയിശാ റദിയല്ലാഹു അൻഹ ഇബ്നു അബ്ബാസ് റദിയല്ലാഹു അൻഹുമായെ അറിയിച്ചു. അപ്പോൾ അദ്ദേഹം നൽകിയ ഉപദേശം, അവളുടെ മാതാവോ പിതാവോ ജീവിച്ചിരിപ്പുണ്ടെങ്കിൽ ശിഷ്ട ജീവിതം അവരെ ശുശ്രൂഷിക്കുന്നതിലേക്കായി മാറ്റി വെക്കുക. പൊയ്പോയ ഈമാൻ തിരിച്ചു കിട്ടാൻ അതല്ലാതെ മറ്റു മാർഗമൊന്നും ഇല്ല!

പരിശുദ്ധനായ അല്ലാഹുവിനോട് പ്രാർത്തിക്കുമ്പോൾ ഈ വിനീതനും കുടുംബത്തിനും മാതാപിതാക്കൾക്കും വേണ്ടി കൂടി പ്രാർത്ഥിക്കണം എന്ന അപേക്ഷയോടെ.

സസ്നേഹം പ്രാർത്ഥനയോടെ
ആസാദ്